4649

Circulate among All Staff.

1915-1915

എം.ഐ.റ്റി.2/395/റ്റി.സി/03

## സർക്കുലർ നമ്പർ 16/03

വിഷയം : മോട്ടോർ വാഹന വകുപ്പ് കമ്പ്യൂട്ടർ വൽക്കരണം-"ഫാസ്റ്റ്" സംവിധാനം നടപ്പിലാക്കുന്നത് സംബന്ധിച്ച്.

സൂചിക : ജി.ഒ. എം.എസ്. 7/03 നമ്പർ പ്രകാരമുള്ള 25.2.03 ലെ ഗവ: ഉത്തരവ്.

ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതിന് ഗവൺമെന്റ് തിരഞ്ഞെടുത്തിട്ടുള്ള വകുപ്പുകളിലൊന്നാണ് മോട്ടോർവാഹന വകുപ്പ്. വകുപ്പിലെ എല്ലാ പ്രവർത്തനങ്ങളെയും കമ്പ്യൂട്ടർവൽക്കരിക്കുക, അതിലൂടെ വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് വേഗത്തിലും സുതാര്യതയിലും ജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ നൽകുക എന്നതുമാണ ഈ പദ്ധതി ലക്ഷ്യമിടുന്നത്.

വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം, ഘട്ടം ഘട്ടമായിട്ടാണ് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിനാവശ്യമായ സോഫ്റ്റ് വെയർ എൻ.ഐ.സി. യുടെ സഹായത്തോടെ വകുപ്പ് വികസിപ്പിച്ചു കഴിഞ്ഞു. ഒന്നാം ഘട്ടമായി വികസിപ്പിച്ച സോഫ്റ്റ് വെയർ ഉപയോഗിച്ച് ലേണേഴ്സ് ലൈസൻസിനുള്ള ടെസ്റ്റ് നടത്തുന്നതിനും, ടെസ്റ്റിൽ വിജയിച്ചവർക്ക് ലേണേഴ്സ് ലൈസൻസ് നൽകുന്നതിനും തിരുവനന്തപുരം, എറണാകുളം ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, എറണാകുളം എന്നീ ആർ.ടി.ഒ. ഓഫീസുകളിൽ കമ്പ്യൂട്ടർവൽകൃത ഡ്രൈവിംഗ് ലൈസൻസാണ് നൽകുന്നത്.

വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായത്രതോതിൽ ബഡ്ജറ്റ് വിഹിതം ലഭ്യമല്ല. തത്ഫലമായി പദ്ധതി നടത്തിപ്പ് സാവധാനത്തിൽ മാത്രമേ പ്രാവർത്തികമാക്കാൻ കഴിയുന്നുള്ളൂ. എന്നുമാത്രമല്ല, പദ്ധതി വിഭാവനം ചെയ്യുന്ന നേട്ടങ്ങൾ കേരളത്തിലെ മുഴുവൻ ജനങ്ങളിലുമെത്താൻ കാലതാമസമുണ്ടാകുകയും ചെയ്യുന്നു.

ഫണ്ടിന്റെ ലഭ്യതക്കുറവ് വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണത്തെ സാരമായി ബാധിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനങ്ങൾക്കുശേഷം വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം ത്വരിതപ്പെടുത്തുവാൻ ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് - "ഫാസ്റ്റ്" (ഫുള്ളി ആട്ടോമേറ്റഡ് സർവ്വീസ് ഓഫ് ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ്) "സ്ഥാപിക്കുക, പ്രവർത്തിപ്പിക്കുക, പരിപാലിക്കുക, കൈമാറ്റം ചെയ്യുക" (ബി. ഒ. എം. ടി.) എന്ന രീതിയിലൂടെ നടപ്പിലാക്കുന്ന "ഫാസ്റ്റ്" പദ്ധതിക്ക് ഗവൺമെന്റ് ഫണ്ട് ലഭ്യമാക്കേണ്ടതില്ല. ആന്ധ്രപ്രദേശ് ഗവൺമെന്റ് ഇതിനകം മോട്ടോർ വാഹന വകുപ്പിൽ ഇതേ രീതിയിൽ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. ഹെഡ് ഓഫീസുൾപ്പെടെയുള്ള വകുപ്പിലെ 77 ഓഫീസുകളെയും 6 മാസം മുതൽ 1 വർഷം വരെയുള്ള കാലയളവിനുള്ളിൽ കമ്പ്യൂട്ടർവൽക്കരിക്കുതിനായി യോഗ്യതയുള്ള കൺസൾട്ടന്റ്-കം-സർവ്വീസ് പ്രൊവൈഡറെ (സി.എസ്.പി) ടെന്ററിലൂടെ കണ്ടെത്തും. കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് വേണ്ടിയുള്ള ഓഫീസ് ക്രമീകരണങ്ങൾ ഏർപ്പെടുത്തുക, ഹാർഡ് വെയറുകൾ വിതരണം ചെയ്യുക, അവ സ്ഥാപിക്കുക, നെറ്റ് വർക്ക് സംവിധാനം ഏർപ്പെടുത്തുക, സമയാസമയങ്ങളിൽ ഉണ്ടാകുന്ന പ്രവർത്തന തകരാറുകൾ പരിഹരിക്കുക, വകുപ്പിലെ ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുക, തകരാറുകൾ പരിഹരിക്കുന്നതിന് ആവശ്യമുള്ള സാങ്കേതിക പരിജ്ഞാനമുള്ളവരെ പരിശീലിപ്പിച്ചെടുക്കുക. കരാർ കാലാവധിക്കുള്ളിൽ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള മുഴുവൻ സംവിധാനങ്ങളും ഡിപ്പാർട്ട്മെന്റിന് കൈമാറ്റം ചെയ്യുക എന്നിവ സി.എസ്.പി. യുടെ ചുമതലയാണ്. കരാറുകാരന് നൽകുവാനുള്ള തുകയും കമ്പ്യൂട്ടർ സ്റ്റേഷനറികൾക്ക് ആവശ്യമുള്ള തുകയും സർവ്വീസ് ചാർജായി സേവനം ഉപയോഗപ്പെടുത്തുന്ന പൊതുജനങ്ങളിൽ നിന്ന് ഈടാക്കുന്നതാണ്.

വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥ ശ്രേണിക്ക് യാതൊരു മാറ്റവും വരുത്താതെ നടപ്പിലാക്കുവാനുദ്ദേശിക്കുന്ന "ഫാസ്റ്റ്" പദ്ധതിക്ക് ഡി.റ്റി.സി. ഓഫീസുകളിൽ നിന്നും ആർ.ടി.ഒ. ഓഫീസുകളിൽ നിന്നും സബ് ആർ.ടി.ഒ. ഓഫീസുകളിൽ നിന്നും ചെക്ക് പോസ്റ്റുകളിൽ നിന്നും ലഭിക്കേണ്ട വിവരങ്ങൾ അപ്പപ്പോൾ ലഭിക്കത്തക്ക രീതിയിൽ മറുപടി നൽകേണ്ടതാണ്. സർക്കുലർ കൈപ്പറ്റിയ വിവരം അറിയിക്കുക.

ഒപ്പ്

ട്രാൻസ്പോർട്ട് കമ്മീഷണർ

എല്ലാ ഡി.റ്റി.സി., ആർ.ടി.ഒ., സബ് ആർ.ടി.ഒ., ചെക്ക് പോസ്റ്റ് ഓഫീസുകളിലേക്കും

കോപ്പി : 1. റ്റി. സി. 2. ജെ.റ്റി.സി.
3. സെക്രട്ടറി എസ്.ടി.എ. 4. എ.ഒ., എഫ്.ഒ., എന്നിവരുടെ അറിവിലേക്കായി
5. ഹെഡ് ഓഫീസിലെ എല്ലാ സെക്ഷൻ സൂപ്രണ്ട്മാർക്കും
6. ഫാസ്റ്റ് ടീം അംഗങ്ങൾ 7. സർക്കുലർ ഫയൽ, സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ

ജൂനിയർ സൂപ്രണ്ട്